## പതിനാലാം കേരള നിയമസഭ

### പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : **3243** — 10.12.2018-ൽ മറുപടിക്ക്

**കിടങ്ങയം എ.എം.എൽ.പി സ്കൂളിലെ റിട്ടയർമെന്റ് വേക്കൻസി**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പി.ഉബൈദുള്ള** | **പ്രൊഫ. സി. രവീന്ദ്രനാഥ് (ബഹു. പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി)** |
| (എ) മലപ്പുറം ജില്ലയിലെ മഞ്ചേരി ഉപജില്ല പരിധിയിൽപെട്ട കിടങ്ങയം എ.എം.എൽ.പി സ്കൂളിൽ റിട്ടയർമെന്റ് വേക്കൻസിയിൽ 2016 ജൂൺ 1 മുതൽ നിയമിക്കപ്പെട്ട മുഅ്മിന.സി.എച്ച്. എന്ന സഹാധ്യാപികയുടെ നിയമനാംഗീ കാരവുമായി ബന്ധപ്പെട്ട് B1/227/17 നമ്പർ ഫയലിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ ; | (എ) മലപ്പുറം ജില്ലയിലെ മഞ്ചേരി ഉപജില്ലാ പരിധിയിൽപ്പെട്ട കിടങ്ങയം എ.എം. എൽ.പി. സ്കൂളിൽ നിയമിക്കപ്പെട്ട ശ്രീമതി. മുഅ്മിന.സി.എച്ച്. എന്ന അദ്ധ്യാപികയുടെ നിയമനാംഗീകാരവുമായി ബന്ധപ്പെട്ട റിവിഷൻ ഹർജി ബി1/227/17/ പൊ.വി.വ. നമ്പർ ഫയലിൽ പരിശോധിച്ച വരികയാണ്. റിവിഷൻ ഹർജി തീർപ്പാക്കുന്നതിന്റെ ഭാഗമായി മാനേജരുടെയും ശ്രീമതി. മുഅ്മിന.സി.എച്ച്. ന്റെയും പ്രതിനിധികളെ 04.04.2018-ൽ ഡെപ്യൂട്ടി സെക്രട്ടറി നേരിൽ കേട്ടു. നേരിൽ കേട്ട വേളയിൽ സമർപ്പിച്ച വാദങ്ങൾ പരിശോധിച്ച് വരികയാണ്. റിവിഷൻ ഹർജി തീർപ്പാക്കിയിട്ടില്ല. |
| (ബി) ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ അധ്യാപിക യുടെ അപ്പീൽ ഹർജിയിൽ തീർപ്പുകൽപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്ത മാക്കാമോ ; | (ബി) യും (സി) യും (ഡി) യും: ശ്രീമതി.മുഅ്മിന.സി.എച്ച്. ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) 30403/18 ന്റെ 05.10.2018 ലെ വിധിന്യായം നടപ്പിലാക്കുന്ന വിഷയം മേൽ പരാമർശിച്ച നമ്പർ ഫയലിൽ തന്നെ പരിശോധിച്ചു വരികയാണ്. അദ്ധ്യാപിക സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി |
| (സി) പ്രസ്തുത അധ്യാപികക്ക് | |

(.......2)

നിയമനാംഗീകാരം നൽകുന്നതിൽ എന്തെങ്കിലും സാങ്കേതിക തടസ്സങ്ങൾ നിലവിലുണ്ടോ ;

(ഡി) ഇല്ലെങ്കിൽ മുഅ്മിനയുടെ നിയമനം അംഗീകരിക്കുവാൻ ബന്ധപ്പെട്ട ഓഫീസർക്ക് നിർദ്ദേശം നല്കുമോ ?

കോടതി വിധി നടപ്പിലാക്കിയിട്ടില്ല. റിവിഷൻ ഹർജി തീർപ്പ് കൽപ്പിക്കുന്ന മുറയ്ക്ക് ഉചിതമായ നടപടികൾ സ്വീകരിക്കാൻ ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകുന്നതാണ്.

സെക്ഷൻ ഓഫീസർ.